# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4269** **13.12.2018-ൽ മറുപടിക്ക്**

വൈദ്യുതി വകുപ്പ് ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

| | ചോദ്യം<br>ശ്രീ. കെ.ഡി. പ്രസേനൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി വകുപ്പ് മുഖേന ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ? | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ ഡി ഡി യു ജി ജെ വൈ പദ്ധതിയിലുൾപ്പെടുത്തിയും ബോർഡിന്റെ തനതു ഫണ്ടുപയോഗിച്ചും സമ്പൂർണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെടുത്തിയും 4467 സർവ്വീസ് കണക്ഷനുകൾ നൽകുകയും 9.352 കി.മീ എച്ച്.ടി ലൈനുകളും 53.45 കി.മീ എൽ.ടി. ലൈനുകളും വലിക്കുകയും 29 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 67.04 കി.മീ ലൈൻ റീ കണ്ടക്റിംഗ് ചെയ്യുകയും 17.76 കി.മീ ലൈൻ കൺവേർഷൻ നടത്തുകയും ഏകദേശം 228.78 ലക്ഷം രൂപ പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ വൈദ്യുതീകരണ പദ്ധതിക്കായി MLASDF ഫണ്ടിൽ നിന്നും അനുവദിച്ച 25 ലക്ഷം രൂപയും ഇതിലുൾപ്പെടുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, ആലത്തൂർ നിയോജക മണ്ഡലത്തിൽപ്പെടുന്ന വടക്കഞ്ചേരി 110 കെ.വി സബ്സ്റ്റേഷനെയും നെന്മാറ 66 കെ.വി സബ്സ്റ്റേഷനെയും ബന്ധിപ്പിച്ചുകൊണ്ടുള്ള പുതിയ 110 കെ.വി ലൈനിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട്, വടക്കഞ്ചേരി 110 കെ.വി സബ്സ്റ്റേഷനിൽ ഒരു പുതിയ ബേയുടെ നിർമ്മാണവും നടന്നു കൊണ്ടിരിക്കുന്നു. |

Hemalatha

സെക്ഷൻ ഓഫീസർ